# ജനനീതിയുടെ 19–ാം വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചു പാസ്സാക്കിയ പ്രമേയങ്ങൾ

(26 – 6 – 2011)

## 1

## ഭരണകൂടം മതാധികാരത്തിന്റെ ആജ്ഞാനുവർത്തിയാകരുത്

**പാ**ഠപുസ്തകത്തിന്റെ പേരിൽ ചില മത-സാമുദായ നേതാക്കൾ ജനാധിപത്യ സർക്കാരിനെ ഭീഷണിപ്പെടുത്തുന്നതും, വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും തെറ്റിദ്ധരിപ്പിക്കുന്നതും, അനാവശ്യമായ ശക്തിപ്രകടനങ്ങൾക്കും വില പേശലുകൾക്കും ഇടയാക്കുന്നതും സംസ്ക്കാരത്തോടും നിയമവാഴ്ചയോടും ജനാധിപത്യ-മതേതര മൂല്യങ്ങളോടുമുള്ള യുദ്ധപ്രഖ്യാപനമായി ജനനതീതിയുടെ വാർഷിക പൊതുയോഗം വിലയിരുത്തുന്നു. ഇത്തരം തെറ്റായ പ്രവണതകളെ മൃദുവായും ലാഘവത്തോടെയും സമീപിക്കുന്നത് മതേതര സ്വഭാവമുള്ള ഭരണഘടനയുടെ പേരിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയ ഭരണകൂടത്തിന് ഭൂഷണമല്ല; കുറ്റകരമായ കൃത്യവിലോപവുമാണ്.

ചരിത്ര സത്യങ്ങൾ നിഷേധിക്കാനോ തമസ്ക്കരിക്കാനോ ആർക്കും അധികാരമില്ല. ഭൂതകാലവും അതിന്റെ കൊടും ചെയ്തികളും ചിലപ്പോൾ നമ്മെ വേദനിപ്പിക്കുകയോ വിനീതരാക്കുകയോ ചെയ്തേക്കാം. അത്തരം സന്ദർഭങ്ങളെ സഹിഷ്ണുതയോടും യാഥാർത്ഥ്യബോധത്തോടുംകൂടെ നേരിടാനുള്ള ആർജ്ജവമാണ് മത-സമുദായ നേതൃത്വം കാണിക്കേണ്ടത്. പകരം ജനങ്ങൾക്കിടയിൽ കലഹവും കലാപവും സൃഷ്ടിക്കുന്ന വിവാദങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരാധനാലയങ്ങളും വേദിയാക്കുന്നത് ഭരണകൂടം അനുവദിച്ചുകൂടാത്തതാണ്.

ലബ്ധപ്രതിഷ്ഠരായ ചരിത്രപണ്ഡിതന്മാർ അവധാനതയോടെ രൂപം കൊടുത്തിട്ടുള്ള പാഠ്യപദ്ധതിയെ പുന:പരിശോധിക്കണമെങ്കിൽതന്നെ ആദ്യത്തേക്കാൾ ചരിത്ര പാണ്ഡിത്യവും വിശ്വാസ്യതയും നിഷ്പക്ഷതയുമുള്ള വിദഗ്ധർക്കേ കഴിയൂ. മതാധികാരത്തോട് സമ്പൂർണ്ണ വിധേയത്വം പ്രഖ്യാപിച്ചിട്ടുള്ളവർക്ക് അതിനർഹതയില്ല, അവർ പ്രഗത്ഭരായാൽപോലും.

ഭരണഘടനയുടെ അടിത്തറയായ മതേതരത്വം, പാഠ്യപദ്ധതിയിൽ പ്രത്യേകിച്ചും, അഭംഗുരം കാത്തുസംരക്ഷിക്കാനുള്ള പ്രതിബദ്ധതയും വിവേകവും സംസ്ഥാന സർക്കാരിനുണ്ടാകണമെന്ന് ജനനീതിയുടെ വാർഷിക പൊതുയോഗം ആവശ്യപ്പെടുന്നു.

# 2

# ഇന്ത്യയുടെ ആണവനയം പുനപ്പരിശോധിക്കണം

സമീപകാലത്ത് ഫുക്കുഷിമ ന്യൂക്ലിയർ പ്ലാന്റിലുണ്ടായ ആണവദുരന്തത്തെത്തുടർന്ന് ലോകം മുഴുവൻ ആണവനിലയങ്ങൾക്കെതിരെ പ്രതിഷേധങ്ങൾ ഉയർന്നിട്ടുണ്ട്. ജപ്പാനിലുണ്ടായ ദുരന്തത്തിന്റെ ആഘാതം ഇന്ത്യൻ തീരങ്ങൾവരെ എത്തിയതായി വാർത്തകളുണ്ടായിരുന്നു.

ജനങ്ങളുടെ ആശങ്കകളും പ്രതിഷേധങ്ങളും കണക്കിലെടുത്ത് തങ്ങളുടെ രാജ്യത്തുള്ള പതിനെട്ട് ആണവ നിലയങ്ങളും അടച്ചുപൂട്ടാൻ ജർമ്മൻ ഗവണ്മെന്റ് തീരുമാനിച്ചുകഴിഞ്ഞു. ഇറ്റലിയാകട്ടെ നേരത്തെതന്നെ ആണവ നിലയങ്ങളോട് വിട ചൊല്ലിയിട്ടുണ്ട്.

ഇതൊക്കെ സംഭവിക്കുമ്പോഴും ഇന്ത്യ ആണവ വിഷയത്തിൽ ലോക കിരീടം നേടാൻ ഒരുങ്ങുകയാണ്. മഹാരാഷ്ട്രയിലെ ജിത്താപൂരിൽ നിർമ്മാണത്തിലിരിക്കുന്ന ആണവ നിലയം നിർമ്മാണം കഴിയുമ്പോൾ ലോകത്തിലെ ഏറ്റവും വലിയതാകുമെന്ന് കണക്കുകൾ പറയുന്നു. ഇന്ത്യയിൽ പത്ത് ന്യൂക്ലിയർ പ്ലാന്റുകളിലായി പതിനെട്ട് റിയാക്ടറുകൾ പ്രവർത്തനനിരതമാണ്. വേറെ അഞ്ച് പ്ലാന്റുകളുടെ പണി പൂർത്തിയായി വരുന്നുമുണ്ട്.

ഇന്ത്യയുടെ ആണവ നയത്തെക്കുറിച്ച് വലിയൊരു വിഭാഗം ജനങ്ങൾ ആശങ്കാകുലരാണ്. ഇന്ത്യക്കാർ മാത്രമല്ല, ലോക ബാങ്കും ആശങ്കകളിൽ പങ്കുചേരുന്നു. ഈ വസ്തുതകൾ പരിഗണിച്ച്, ഇന്ത്യയുടെ ആണവ നയം പുനപ്പരിശോധിക്കണമെന്നും, നിർമ്മാണത്തിലിരിക്കുന്ന ആണവ നിലയങ്ങളുടെ പണി അടിയന്തിരമായി നിറുത്തിവെയ്ക്കണമെന്നും പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനോടും യു.പി.എ. അധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധിയോടും ഈ യോഗം ആവശ്യപ്പെടുന്നു.

# 3
# അഴിമതി രഹിതമായ ഭരണകൂടവും സേവനവ്യവസ്ഥയും ജനങ്ങളുടെ മൗലീകാവകാശം

ശുദ്ധവും നീതിപൂർണ്ണവും ജനപങ്കാളിത്തമുള്ളതുമായ സദ്ഭരണം കാഴ്ചവെയ്ക്കുന്നതിനാണ് ജനങ്ങൾ ഭരണകർത്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നത്. തിരഞ്ഞെടുക്കുന്നവർക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ മേലുള്ള അധികാരം - സദ്ഭരണത്തിനുള്ള അവകാശം - ഭരണഘടനാദത്തമാണ്. അത് നിഷേധിക്കുന്നത് ഭരണഘടനാ വിരുദ്ധവുമാണ്.

പഴുതുകളില്ലാത്ത അഴിമതി വിരുദ്ധ നിയമവും, അധികാരകേന്ദ്രങ്ങളിൽ അഴിമതി തുടച്ചുനീക്കാൻ ഫലപ്രദമായ സംവിധാനങ്ങളും എക്കാലത്തും സർവ്വരുടെയും സ്വപ്നമായിരുന്നു. അധികാരം കയ്യാളുന്നവരും അവരെ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥ-വ്യവസായ-രാഷ്ട്രീയ മാഫിയകളുമാണ് അഴിമതിയുടെയും കള്ളപ്പണത്തിന്റെയും പ്രഭവകേന്ദ്രങ്ങൾ എന്നതും മുഴുവൻ ജനങ്ങൾക്കും അറിവുള്ള കാര്യമാണ്. അതുകൊണ്ടുതന്നെ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിനും ഇക്കൂട്ടർ തടസ്സം നില്ക്കുകയും ചെയ്യുന്നു. ലോകപാൽ-ന്റെ പേരിൽ തലസ്ഥാന നഗരിയിൽ അരങ്ങേറുന്ന നാടകങ്ങളെ ജനനീതിയുടെ വാർഷിക പൊതുയോഗം വിലയിരുത്തുന്നത് ഇങ്ങനെയാണ്.

ജനങ്ങളോടും ഭരണഘടനയോടും വിധേയത്വം ഏറ്റുപറഞ്ഞ് അധികാരത്തിലേറിയ എല്ലാവരും അഴിമതിവിരുദ്ധ സംവിധാനത്തിന് കീഴിൽ വരേണ്ടതാണ്. പ്രധാനമന്ത്രി പദത്തിലെത്തുന്നവരും നീതിപീഠത്തിലിരിക്കുന്നവരും ജനങ്ങൾക്കും ഭരണഘടനയ്ക്കും അതീതരായിക്കൂട.

അഴിമതി വിരുദ്ധ നിയമത്തിന് കീഴിൽ പ്രധാനമന്ത്രിയും ചീഫ് ജസ്റ്റിസുമുൾപ്പെടെ ഇന്ത്യയുടെ ഭരണഘടന ഏല്പിച്ചിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തണമെന്ന് ജനനീതിയുടെ വാർഷിക പൊതുയോഗം ആവശ്യപ്പെടുന്നു.

# 4

# കേരളം എന്തുകൊണ്ട് സ്ത്രീകൾക്ക് സുരക്ഷിതമായ ഇടമാകുന്നില്ല?

**ദൈ**വത്തിന്റെ സ്വന്തം നാടെന്നും, 'കേരള വികസനമാതൃക'യെന്നും സാക്ഷര കേരളമെന്നുമൊക്കെ പല രൂപങ്ങളിൽ പ്രകീർത്തിക്കപ്പെടുന്ന കേരളം നാൾതോറും ഞരമ്പുരോഗികളുടെയും പുരുഷധാർഷ്ഠ്യത്തിന്റെയും കപട സദാചാരികളുടെയും വിഹാരരംഗമായി മാറുന്ന മാഴ്ചകളും കേൾവികളുമാണെവിടെയും. ഒരു പരിഷ്കൃത സമൂഹത്തിന് ഒരു കാരണത്താലും ചേരുന്നതല്ല ഈ യോഗ്യതകൾ. കേരളമെന്നു കേട്ടാൽ ലജ്ജിച്ച് തല താഴ്ത്തി നടക്കാൻ നാം നിർബ്ബന്ധിക്കപ്പെടുന്നു.

സ്ത്രീയെ അടിമയാക്കാനും ഭരിക്കാനും ശിക്ഷിക്കാനും, ഭോഗിച്ച് വഴിയിലെറിയാനും ആരാണ് പുരുഷന് അധികാരം നല്കിയത്? പുരുഷൻ അനുഭവിക്കുന്ന സ്വാതന്ത്ര്യവും, സുരക്ഷിതത്വവും, സ്വകാര്യതയും, അവസര സമത്വവും സ്ത്രീയ്ക്ക് നിഷേധിക്കുന്നത് എന്തടിസ്ഥാനത്തിലാണ്?

കേരളത്തിൽ ശൈശവം പിന്നിടാത്ത ബാലികമാരും യുവതികളും അമ്മമാരും വൃദ്ധകളും ഒരുപോലെ ആക്രമിക്കപ്പെടുകയും, കൊല്ലപ്പെടുകയും അഥവാ ജീവിതകാലം മുഴുവൻ അപമാനംപേറി ജീവിക്കേണ്ടി വരികയും ചെയ്യുന്നവരുടെ കദനകഥകൾ ദിനം പ്രതി വർദ്ധിക്കുന്നുണ്ട്. എന്നാൽ, കുറ്റവാളികൾ ശിക്ഷിക്കപ്പെട്ട വാർത്തകൾ വിരളവുമാണ്. ഏതു നടപടിക്രമത്തെയും അട്ടിമറിക്കാനും വാദിയെ പ്രതിയാക്കാനുംമാത്രം ധനവും സ്വാധീനവും രാഷ്ട്രീയാധികാരവുമുള്ളവരാണ് പ്രതികൾ എന്നതുതന്നെ കാരണം. കുറ്റവാളികൾ പ്രകീർത്തിക്കപ്പെടുകയും ഭരണത്തിലേറ്റപ്പെടുകയും ചെയ്യുന്നത് നാം കാണേണ്ടിവരുന്നു.

സ്വന്തം പിതാവുതന്നെ ബാല്യം പിന്നിടാത്ത പെൺകുട്ടിയെ ഒന്നിലധികം പെൺവാണിഭ സംഘങ്ങൾക്ക് കൈമാറിയ സംഭവങ്ങൾ വാർത്തകളിൽ നിറയുന്നു. പീഡനം നടത്തിയവർ സമൂഹത്തിൽ മാന്യന്മാരും ഉന്നതങ്ങളിൽ പിടിപാടുള്ളവരുമാണ്. ഐ.ടി. സ്ഥാപനത്തിൽ ജീവനക്കാരിയായ മറ്റൊരു യുവതിയെ റോഡരുകിൽ സദാചാരം നടപ്പിലാക്കുന്നവർ അടിച്ചുവീഴ്ത്തിയപ്പോഴും, പ്രതികളെ തിരിച്ചറിഞ്ഞതോടെ, ഇരയെ ഉപേക്ഷിച്ച് പ്രതികളെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിലാണ് സ്ത്രീ സംഘടനാ നേതാക്കൾപോലും.

അഭിശപ്തമായ ഈ അവസ്ഥയിൽനിന്നും കേരള സമൂഹത്തെ മോചിപ്പിക്കേണ്ട ഉത്തരവാദിത്തം ഭരണകൂടവും പൊതുസമൂഹവും ഏറ്റെടുക്കേണ്ടതുണ്ടെന്ന് ജനനീതിയുടെ വാർഷിക പൊതുയോഗം കരുതുന്നു. നിയമപാലകരും സാംസ്ക്കാരിക നേതാക്കളും ജനപ്രതിനിധികളും ഒരുപോലെ, സക്രിയമായ ഇടപെടലുകളിലൂടെ, കളങ്കിതമായ മലയാളി സ്വത്വത്തെ വീണ്ടെടുക്കുകയും, സ്ത്രീത്വം ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുകയും വേണമെന്ന് സർക്കാരിനോടും പൊതുസമൂഹത്തോടും ഈ യോഗം അഭ്യർത്ഥിക്കുന്നു.

# 5
# സ്വാശ്രയ മുതലാളിമാർ സമൂഹ ധാർമ്മികതയെ വെല്ലുവിളിക്കുന്നു

സ്വാശ്രയ മേഖലയിൽ മെഡിക്കൽ എൻജിനീയറിംഗ് സ്ഥാപനങ്ങൾ നടത്തുന്ന മുതലാളിമാരുടെ ധാർഷ്ട്യത്തിന് മുമ്പിൽ ഇടതു-വലതു സർക്കാരുകൾ ഒരുപോലെ മുട്ടുമടക്കുകയും സ്വന്തം പൈതങ്ങളുടെ സീറ്റ് ഉറപ്പിക്കുന്നതിലൂടെ രാജനീതി നിർവ്വഹിക്കുകയും ചെയ്യുന്നതിൽ ജനനീതിയുടെ വാർഷിക പൊതുയോഗം കടുത്ത ദു:ഖവും രോഷവും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഭരണകൂടവും, നീതിപീഠങ്ങളും, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പോലുള്ള ദേശീയ സ്ഥാപനങ്ങളും-കമ്മിറ്റികളും മുതലാളിമാർക്ക് വേണ്ടി ഒത്തുകളിച്ച്, അർഹരായ വിദ്യാർത്ഥികളുടെ ന്യായവും മൗലീകവുമായ അവകാശങ്ങൾ കവർന്നെടുത്തതായി ഞങ്ങൾ തിരിച്ചറിയുന്നു. ഭരണകൂടത്തിന്റെ മൗനാനുവാദത്തോടെ വിദ്യാഭ്യാസ കച്ചവടക്കാരും അവരുടെ ദല്ലാളുമാരും ജനങ്ങൾക്കെതിരെ നടത്തുന്ന ഗൂഢാലോചനകളുടെ തലപ്പത്ത് മത-മാധ്യമ-മാർക്കറ്റ് മാഫിയകളുടെ തലവന്മാർ ഒരുമിച്ച് വരുന്നത് തിന്മയുടെ ശക്തികൾ ജനങ്ങൾക്കെതിരെ സംഘടിക്കുന്നു എന്നതിന്റെ തെളിവായി കാണണം.

സ്വാതന്ത്ര്യ പ്രാപ്തിക്ക് ശേഷം സാമൂഹ്യ നീതിക്കായി കേരളം സ്വീകരിച്ചുപോന്ന മുഴുവൻ നടപടികളെയും നീതിവ്യവസ്ഥയെയും അട്ടിമറിക്കുന്ന സംഭവങ്ങളാണ് എന്നുമെന്നോണം ഉന്നതവിദ്യാഭ്യാസ രംഗത്ത് അരങ്ങേറുന്നത്. ജനങ്ങൾക്ക് വേണ്ടി അവർ തിരഞ്ഞെടുത്ത സർക്കാർ ഒരു 'നോക്കുകുത്തി' പോലെ ഇതിനെല്ലാം മൗന സമ്മതം നൽകിക്കൊണ്ട് 'പങ്കുവെയ്ക്കൽ' കാര്യങ്ങളിൽ മുഴുകിയിരിക്കുന്നു. ഭയാനകവും ലജ്ജാകരവുമായ ഈ അവസ്ഥ ജനാധിപത്യ ഭരണ സംവിധാനങ്ങളുടെ പരാജയമാണെന്ന് ഞങ്ങൾ കരുതുന്നു. കേരളത്തിലെ നീതിബോധമുള്ള പൗര സമൂഹത്തിന്റെ ആശങ്കകളും പ്രതിഷേധങ്ങളും തിരിച്ചറിഞ്ഞ് അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ യോഗം ആവശ്യപ്പെടുന്നു.